**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2169** **16-03-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റവും കൂടുതൽ ജലജന്യ രോഗങ്ങളും പകർച്ചവ്യാധികളും കാൻസർ ഉൾപ്പെടെ ഉള്ള രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സമഗ്ര വികസനങ്ങൾ നടപ്പിലാക്കിവരുന്നു. ആർദ്രം പദ്ധതി പ്രകാരം കുട്ടനാട്ടിലെ 8 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (കുടുംബാരോഗ്യ കേന്ദ്രങ്ങൾ - തലവടി, നീലംപേരൂർ, വീയപുരം, രാമങ്കരി, തകഴി, കാവാലം, കുപ്പപ്പുറം, മുട്ടാർ), 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (സാമൂഹികാരോഗ്യ കേന്ദ്രം, ചമ്പക്കുളം, വെളിയനാട്). കൂടാതെ, സാമൂഹികാരോഗ്യ കേന്ദ്രം ചെമ്പുംപുറം, എടത്വ എന്നീ ആശുപത്രികളിൽ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ആശുപത്രി വികസനം, ലാബ് വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ സ്ഥാപനങ്ങളിൽ രാവിലെ 9 മണിമുതൽ വൈകിട്ട് 6 മണിവരെ ഒ.പി സേവനം, ലബോറട്ടറി, വിവിധ രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ എന്നിവ ഏർപ്പെടുത്തിവരുന്നു. കൂടാതെ, ആശുപത്രികൾക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ എൻ.എച്ച്.എം മുഖേന ഏർപ്പെടുത്തിവരുന്നു. കൂടാതെ, ആർദ്രം പദ്ധതി പ്രകാരം ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയിൽ ഉയർത്തിയ കുടുംബരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്കായി 144.06 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ ഭരണാനുമതി ലഭ്യമാക്കി. ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നിർമ്മാണ സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുള്ളതാണ്. ബഹുനില കെട്ടിടത്തിന്റെ പ്ലാൻ അപ്രൂവൽ, സാങ്കേതിക അനുമതി എന്നിവ ലഭ്യമാക്കുന്നതിന് എസ്.പി.വി യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ , എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ആർദ്രംപദ്ധതി പ്രകാരം കുട്ടനാട് മണ്ഡലത്തിലെ ആശുപത്രികളിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു. കുടുംബാരോഗ്യ കേന്ദ്രം , നീലംപേരൂർ ഡോക്ടർ-1, സ്റ്റാഫ് നേഴ്സ് -2, ലാബ് ടെക്നീഷ്യൻ-1 കുടുംബാരോഗ്യ കേന്ദ്രം, തലവാടി ഡോക്ടർ-1, സ്റ്റാഫ് നേഴ്സ്-2, ലാബ് ടെക്നീഷ്യൻ-2, ഫാർമസിസ്റ്റ്-1 തകഴി, കാവാലം, കുപ്പപ്പുറം, രാമങ്കരി, വീയപുരം - കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഡോക്ടർ -1, സ്റ്റാഫ് നേഴ്സ് - 1 പുളിങ്കുന്ന് താലൂക്കാശുപത്രി. ഡോക്ടർ-1, റേഡിയോഗ്രാഫർ ഗ്രേഡ്-2 -1, എക്സ്റേ അറ്റൻഡർ-1, ഫാർമസിസ്റ്റ് ഗ്രേഡ് II-1, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II - 4, ലാബ് ടെക്നീഷ്യൻ-1 കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ എൻ.എച്ച്.എം വഴി താഴെ പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>പി.ആർ.ഒ -3 മെഡിക്കൽ ഓഫീസർ -3 സ്റ്റാഫ് നഴ്സ്-6 MLSP -9 RBSK Nurse- 7 ഫാർമസിസ്റ്റ് - 5 ലാബ് ടെക്നീഷ്യൻ -1 ഫിസിയോതെറാപിസ്റ്റ്-2 ഡയറ്റീഷൻ -1 ഡാറ്റാ എൻട്രി ഓപ്പറേറ്റർ -2 |
| (സി) | ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സ് സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഇത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ